KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.12/PR/PIC/PHQ/17 Date :25.01.2017

---

## പോലീസ് ബോഡി ബിൽഡിങ് മത്സരം ജനുവരി 28 ന്

കേരള പോലീസിലെ സേനാംഗങ്ങൾക്കും മിനിസ്റ്റീരിയൽ ജീവനക്കാർക്കുമായി സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന ബോഡി ബിൽഡിങ് മത്സരങ്ങൾ ജനുവരി 28 ന് വൈകിട്ട് ആറിന് തിരുവനന്തപുരം ഗാന്ധി പാർക്ക് മൈതാനിയിൽ നടക്കും. 70, 80, 90, 90+, മാസ്റ്റേഴ്സ് (50 വയസ്സിന് മുകളിലുള്ളവർക്ക്) വിഭാഗങ്ങളിലാണ് മത്സരങ്ങൾ. ആദ്യ മൂന്ന് സ്ഥാനങ്ങളിലെത്തുന്നവർക്ക് ക്യാഷ് അവാർഡും മിസ്റ്റർ കേരള പോലീസ് വിജയിക്ക് സർവ്വീസിലിരിക്കെ അന്തരിച്ച പോലീസ് സൂപ്രണ്ട് സി. ഭുവനേന്ദ്രന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ മെമ്മോറിയൽ ട്രോഫിയും സമ്മാനമായി നല്കും. വിവിധ കലാപരിപാടികളും മത്സരങ്ങളുടെ ഭാഗമായി അരങ്ങേറും. കൂടുതൽ വിവരങ്ങൾക്ക് കൺവീനർ ബി ഐ നിക്സനെ (കേരള പോലീസ് ജിം ഇൻസ്ട്രക്ടർ) ബന്ധപ്പെടണം. ഫോൺ 9447495958.

**********